# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം</u>

1314 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര മാലിന്യം നീക്കം ചെയ്യുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങളിലൂടെ ഇപ്പോൾ പൂർണ്ണമായ മാലിന്യ നീക്കം നടക്കുന്നുണ്ടോ;

(ബി) മാലിന്യം ഉത്ഭവ കേന്ദ്രങ്ങളിൽതന്നെ സംസ്ക്കരിക്കുന്ന രീതി നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ;

(സി) മാലിന്യങ്ങൾ കുന്നുകൂടി രോഗങ്ങൾ സംക്രമിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ബോധവത്ക്കരണ പരിപാടികൾ നടത്തുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

നഗരങ്ങളിലെ സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന പദ്ധതി

1315 ശ്രീ. വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) നിലവിലുള്ള മാലിന്യനിർമ്മാർജ്ജന പ്ലാന്റുകളുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) നിലവിലുള്ള പ്ലാന്റുകൾ പ്രവർത്തിപ്പിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന പക്ഷം ബദൽ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും മാലിന്യനിർമ്മാർജ്ജന പദ്ധതി</u>

1316 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യ നിർമ്മാർജ്ജനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) മാലിന്യപ്രശ്നം രൂക്ഷമായിരിക്കുന്ന തിരുവനന്തപുരം നഗരത്തിൽ മാലിന്യ നിർമ്മാർജ്ജനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതു സംബന്ധിച്ച് തിരുവനന്തപുരം കോർപ്പറേഷൻ വിളപ്പിൽശാല പഞ്ചായത്തുമായി നടത്തിയ ചർച്ചകളുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) റസിഡന്റ്സ് അസ്സോസിയേഷനുകളുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ക്ലീൻസിറ്റി കമ്പനി</u>

1317 ശ്രീ. എ. കെ. ബാലൻ
,, എ. പ്രദീപ്കുമാർ
,, സാജു പോൾ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മാലിന്യം കുന്നുകൂടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഗരമാലിന്യ നിർമ്മാർജ്ജനത്തിനായി ക്ലീൻസിറ്റി കമ്പനി രൂപീകരിച്ച് ഒരു വർഷ കർമ്മപരിപാടി നടപ്പാക്കപ്പെടാതെ പോയത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും അതിൽ ചെലവഴിച്ച തുക എത്രയും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മാലിന്യപ്രശ്നം - വിലയിരുത്തലും പരിഹാരവും</u>

1318 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
,, കെ. അജിത്
,, കെ. രാജു
,, ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രൂക്ഷമായ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി നിലവില്‍ എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കില്‍ ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവില്‍ മാലിന്യ സംസ്ക്കരണ പ്രക്രിയകള്‍ നടക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് മൊത്തം എത്ര ടണ്‍ മാലിന്യം വീതം പ്രതിദിനം പുറംതളളപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മാലിന്യനീക്കം തടസ്സപ്പെട്ടിരിക്കുന്നതുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധികളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മാലിന്യ സംസ്കരണത്തിന് സാങ്കേതിക വിദ്യകൾ</u>

1319 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, എ.റ്റി ജോർജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിന് ഏതെല്ലാം സാങ്കേതി വിദ്യകൾ ഉപയോഗിക്കാനാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഏത് ഏജൻസിയാണ് ഇതിനായി സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നത്;

(സി) നഗരസഭകൾക്ക് അനുയോജ്യമായ സാങ്കേതിക വിദ്യയും ഏജൻസിയും തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മാലിന്യപ്രശ്നം പരിഹരിക്കുന്നതിന്</u>
<u>ശാസ്ത്രീയ സംവിധാനം</u>

1320

ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രൂക്ഷമായ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽ ഖരമാലിന്യം സംസ്കരിക്കുന്നതിന് സ്വീകരിക്കുന്ന ആധുനിക ശാസ്ത്രീയ സംവിധാനം സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

<u>നഗരമാലിന്യ നിർമ്മാർജ്ജനം</u>

1321 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റിയും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം പ്രതിസന്ധികളാണ് നേരിടുന്നതെന്നും, ഇവ തരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വിശദമാക്കാമോ;

(ബി) ഉൽഭവസ്ഥാനത്ത് വെച്ച് തന്നെ മാലിന്യസംസ്ക്കരണം നടപ്പിലാക്കുന്നതിന് നിയമപരമായ ബാദ്ധ്യത കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ നിലവിലുള്ള നിയമങ്ങളിൽ അത്തരത്തിലുള്ള മാറ്റങ്ങൾ വരുത്തുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മാലിന്യപ്രശ്നം പരിഹരിക്കാൻ നടപടി</u>

1322 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം</u>

1323 ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റ് തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിധി നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച നിലപാട് വിശദമാക്കാമോ ;

(സി) പ്രസ്തുത വിധി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ</u>

1324 ശ്രീ. പി. ബി. അബ്ദുൾ റസാഖ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ നിലവിലുള്ള ഭരണ സമിതി അധികാരമേറ്റശേഷം നടപ്പാക്കിയ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(ബി) വിളപ്പിൽശാല മാലിന്യ സംസ്ക്കരണ കേന്ദ്രത്തിലേയ്ക്കുള്ള മാലിന്യ നീക്കം നിലച്ചത് എന്നുമുതലാണ്;

(സി) പ്രസ്തുത തീയതി മുതൽ നാളിതുവരെ മാലിന്യനീക്കവുമായും സംസ്ക്കരണവുമായും ബന്ധപ്പെട്ട് നഗരസഭ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ആയതിന്റെ ഇനം തിരിച്ചുള്ള വിശദവിവരം നല്കാമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മാലിന്യമുക്ത കേരളം</u>

1325 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത കേരളവും ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയും നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് നീക്കിവച്ചിട്ടുളള തുക എത്രയെന്ന് വിശദമാക്കുമോ ; എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത ഇനത്തിൽ ചെലവഴിക്കുന്നതിന് നഗരസഭകൾക്ക് സർക്കാർ നൽകുന്ന തുകയും സഹായവും എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ

1326 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കൊയിലാണ്ടി നഗരസഭയിൽ ഇപ്രകാരം അനുവദിച്ചിരിക്കുന്ന പദ്ധതികൾ ഏതെല്ലാം; ആയതിന്റെ സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ഖരമാലിന്യ സംസ്ക്കരണം</u>

1327 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനിലെയും ഖരമാലിന്യസംസ്ക്കരണം നിലച്ചത് പകർച്ചവ്യാധികൾക്കും രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെങ്കിലും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) കാലതാമസം ഒഴിവാക്കി ഈ പ്രശ്നം സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മാലിന്യസംസ്ക്കരണത്തിനായി നടപടികള്‍</u>

1328 ശ്രീ. കെ.കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുനുസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്ത് മാലിന്യസംസ്കരണത്തിന് എവിടെയെല്ലാം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>പൈപ്പ് കമ്പോസ്റ്റ്</u>

1329 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനത്തിന് പൈപ്പ് കമ്പോസ്റ്റ് സംവിധാനം എന്നു മുതലാണ് പ്രാവർത്തികമാക്കിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെ എത്ര പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു എന്നതിന്റെ മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) അതിനായി ഓരോ സ്ഥാപനവും എത്ര വീതം തുക ചെലവഴിച്ചു എന്നറിയിക്കാമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>പൈപ്പ് കമ്പോസ്റ്റ്</u>

1330 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലും, മുനിസിപ്പിലാറ്റികളിലും മാലിന്യ സംസ്ക്കരണത്തിനായി പൈപ്പ് കമ്പോസ്റ്റ് സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ബി) ഇതിനായി സബ്സിഡി നൽകുന്നുണ്ടോ ;

(സി) ഒരു യൂണിറ്റിന് എന്തു തുകയാണ് ചെലവു വരുന്നത്; അതിൽ എത്ര തുകയാണ് സബ്സിഡി അനുവദിക്കുന്നത് ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

നഗരങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന് ബയോഗ്യാസ് പ്ലാന്റുകൾ

1331 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി എന്നുമുതലാണ് സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ നടപ്പിലാക്കി ത്തുടങ്ങിയത് ;

(ബി) കോർപ്പറേഷനുകളുടെ ഓരോന്നിന്റെയും ആഭിമുഖ്യ ത്തിൽ എത്ര പ്ലാന്റുകൾ വീതം ഇതുവരെ സ്ഥാപി ച്ചിട്ടുണ്ട് ;

(സി) അതിനായി ഓരോ നഗരസഭയും എന്തു തുക ഇതുവരെ ചെലവഴിച്ചു ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മാലിന്യ നിർമ്മാർജ്ജനം</u>

1332 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

<u>ഉറവിടമാലിന്യ സംസ്ക്കരണം</u>

1333 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉറവിടമാലിന്യ സംസ്ക്കരണം ഗാർഹിക തലത്തിൽ നടപ്പിലാക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളും സാമ്പത്തിക സഹായമുൾപ്പെടെയുള്ള സഹായവും എന്തെല്ലാമാണ് എന്നും ഇവ എവിടെ നിന്നെല്ലാമാണ് ലഭിക്കുക എന്നും അതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ് എന്നും വിശദീകരിക്കാമോ;

(സി) മാലിന്യ സംസ്ക്കരണ മേഖലയിൽ മുൻ സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും അംഗീകാര പത്രമോ അവാർഡുകളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് മുൻ സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്ന് അവാർഡുകൾ ലഭിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാലിന്യ നിർമ്മാർജ്ജന രംഗത്തും നഗരാസൂത്രണ മേഖല കളിലും അനുബന്ധ മേഖലകളിലും കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും അവാർഡുകളോ അംഗീകാരമോ ലഭിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ചവർ സംസ്ക്കരണവും മാലിന്യ നിർമ്മാർജ്ജനവും</u>

1334 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂരിഭാഗം നഗരസഭകളിലും ഖരമാലിന്യ നിർമ്മാർജ്ജനം ഫലവത്തായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചവർസംസ്ക്കരണത്തിനും, മാലിന്യ നിർമ്മാർജ്ജനത്തിനുമായി എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത്;

(ബി) പൊതുജനങ്ങൾ മാലിന്യങ്ങൾ റോഡിലേക്ക് തള്ളുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തിരുവനന്തപുരം നഗരത്തിൽ ചവർ കുന്നുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരത്തെ 'ശുചിത്വ തലസ്ഥാനം' ആക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മാലിന്യശേഖരണത്തിനുള്ള വാഹനങ്ങൾ</u>

1335 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള വാഹനങ്ങൾ എത്രയെണ്ണം വീതം ഉപയോഗിക്കുന്നുണ്ടെന്നും ഇതിനായി എത്ര ജീവനക്കാർ ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് വേണ്ടി 2000 മുതൽ 2011 വരെയുള്ള ഓരോ വർഷവും എത്ര വീതം തുക ചെലവാക്കിയെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ഷൊർണ്ണൂർ നഗരസഭ നേരിടുന്ന മാലിന്യപ്രശ്നം</u>

1336 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുളളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ വിവിധ നഗരസഭകൾ രൂക്ഷമായ മാലിന്യപ്രശ്നം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത്തരം നഗരസഭകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) റെയിൽവേയുടെ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നത് മൂലം ഷൊർണ്ണൂർ നഗരസഭ നേരിടുന്ന മാലിന്യപ്രശ്നം മൂലം മഴക്കാലത്ത് സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>തലശ്ശേരി നഗരസഭയ്ക്ക് മാലിന്യ സംസ്കരണ പ്ലാന്റ്</u>

1337 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റിനായുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്നും വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയുടെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

കെട്ടിട നികുതി

1338 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നികുതി നിർദ്ദേശം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) കൊമേഴ്സ്യൽ ബിൽഡിംഗുകൾക്ക് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന നികുതിയിൽ ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വാടക കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി നിർദ്ദേശം പുനഃ പരിശോധിക്കാൻ തയ്യാറാകുമോ ;

(ഡി) വീടുകളിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന ലൈസൻസിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ജനന സർട്ടിഫിക്കറ്റ് തിരുത്തി നൽകുന്നതിൽ കാലതാമസം</u>

1339 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റിയും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനന സർട്ടിഫിക്കറ്റിലെ പിശകുകൾ തിരുത്തി നല്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ അപേക്ഷ നല്കുന്നവർ നിരവധി പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനന സർട്ടിഫിക്കറ്റിൽ മാതാവിന്റെ പേര് ചേർത്തതിൽ വന്ന പിശക് തിരുത്തണമെന്നാവശ്യപ്പെട്ട് 19-10-2011-ൽ രസീത് നമ്പർ 140037 പ്രകാരം തിരുവനന്തപുരം ജനന മരണ രജിസ്ട്രാർക്ക് സമർപ്പിച്ച അപേക്ഷയിൽ കൈക്കൊണ്ട തീരുമാനമെന്താണ്; എന്നാണ് തീരുമാനമെടുത്തത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം കോർപ്പറേഷനിലെ ജനന മരണ രജിസ്ട്രാറിൽ നിന്ന് എന്തെങ്കിലും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ;

(ഡി) എങ്കിൽ അതനുസരിച്ചുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വ്യക്തമായ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>തൊഴിൽ രഹിതരായ ക്ലീൻവെൽ പ്രവർത്തകർക്ക് ധനസഹായം</u>

1340 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ക്ലീൻ-വെൽ പ്രവർത്തകർ തൊഴിൽ രഹിതരായി മാറിയിരിക്കുന്ന സാഹചര്യത്തിൽ അവർക്ക് അടിയന്തിര ആശ്വാസം എന്ന നിലയിൽ പതിനായിരം രൂപവീതം ധനസഹായം നല്കണം എന്ന് ശുപാർശ ചെയ്തുകൊണ്ടുള്ള കുടുംബശ്രീ മിഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ക്ലീൻ - വെൽ പ്രവർത്തകരുടെ പുനരധിവാസം</u>

1341 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജന പരിപാടികൾ തിരുവനന്തപുരം പട്ടണത്തിൽ പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യത്തിൽ ക്ലീൻ - വെൽ പ്രവർത്തകർ പട്ടിണിയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരെ പുനരധിവസിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വിവിധ ആശുപത്രികളിലും നഗരസഭകളിലും ഒഴിവുള്ള ശുചീകരണ തസ്തികകളിൽ ഇവരെ നിയമിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിക്കുമോ ?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്ക് സാമ്പത്തിക സഹായം

1342 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി 7-ാം തവണയും ശുചിത്വ പരിപാലനത്തിന് പുരസ്കാരം നേടിയ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾക്കാകെ മാതൃകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയ്ക്ക് ഉണ്ടായിട്ടുള്ള ബാദ്ധ്യതകൾ സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അതിൻമേൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) 2012-ൽ പ്രസ്തുത മുനിസിപ്പാലിറ്റിയ്ക്ക് ഏതെല്ലാം വിധത്തിലുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരസഭ വാഹനങ്ങൾക്കും ഉപകരണങ്ങൾക്കും ചെലവിട്ട തുക</u>

1343 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ നിലവിലുള്ള ഭരണസമിതി അധികാരമേറ്റശേഷം എത്ര പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട് ; അതിന് എന്ത് തുക ചെലവായിട്ടുണ്ട് ;

(ബി) അതിൽ, മേയർ ഉൾപ്പെടെയുള്ള കൗൺസിൽ അംഗങ്ങൾക്കു വേണ്ടിയും ഉദ്യോഗസ്ഥർക്കു വേണ്ടിയും വാങ്ങിയ വാഹനങ്ങളുടെ ഇനംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) കോർപ്പറേഷൻ വാങ്ങിയ പിറ്റ്ഹോൾഫില്ലിംഗ് മെഷീനും, റോഡ് ക്ലീനിംഗ് മെഷീനും ഇപ്പോൾ പ്രവർത്തക്ഷമമാണോ; എവിടെയെല്ലാമാണ് അവ ഉപയോഗപ്പെടുത്തുന്നത് ;

(ഡി) അവ വാങ്ങാൻ എന്തു തുക ചെലവായി; ഇതുവരെയുള്ള മെയിന്റനൻസിനും, റിപ്പയറിംഗിനും എന്തു തുക ചെലവായി; വിശദമാക്കാമോ ?

# കേരള നിയമസഭ

## 15.06.2012-ലെ മറുപടിക്ക്

<u>ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തലസൗകര്യ വികസനം</u>

1344 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (ഡകളടടങം)യുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ നഗരസഭകളിൽ നടപ്പാക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനും കേന്ദ്രസർക്കാരിൽ നിന്നും യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>വണ്ടിപ്പേട്ടയെ ഡി. റ്റി. പി. സ്കീമിൽ നിന്നും ഒഴിവാക്കുവാൻ നടപടി</u>

1345 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നഗരസഭയിലെ വണ്ടിപ്പേട്ട പ്രദേശം ഡി. റ്റി. പി. സ്കീമിൽ ഉൾപ്പെട്ടതായതുകൊണ്ട് പ്രദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ കെട്ടിടനിർമ്മാണത്തിന് അംഗീകാരം ലഭിക്കാത്തതുമൂലവും വെള്ളവും വെളിച്ചവും ലഭിക്കാതെയും പാവപ്പെട്ട ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശം ഡി. റ്റി. പി. സ്കീമിൽ നിന്ന് ഒഴിവാക്കുന്നതിന് നഗരസഭ തീരുമാനമെടുത്ത വിവരം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ നഗരസഭ തീരുമാനമെടുത്ത് സർക്കാരിലേക്ക് നൽകിയിട്ടുള്ള സർവ്വേ നമ്പറുകളിലെ ഭൂമി ഡി. റ്റി. പി. സ്കീമിൽ നിന്നും ഒഴിവാക്കി ഉത്തരവിറക്കുമോ ; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>സിറ്റി കോർപ്പറേഷനുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ</u>

1346 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്ക്കരണാർത്ഥം ഓരോ കോർപ്പറേഷനും ഇതേവരെ എത്ര വീതം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) വിവിധ അളവുകളിലുള്ള പ്ലാന്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്ക് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ കോർപ്പറേഷനും എത്ര വീതം യൂണിറ്റുകൾക്ക് ഇതേവരെ സബ്സിഡി അനുവദിച്ചിട്ടുണ്ട്;

(ഡി) പ്രവർത്തനക്ഷമമായ എത്ര യൂണിറ്റുകൾക്ക് ഇനി സബ്സിഡി നൽകാനുണ്ട്?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - തീരുമാനങ്ങൾക്കെതിരെയുള്ള സ്റ്റേ ഉത്തരവ്**

1347 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വികസനവുമായി ബന്ധപ്പെട്ട് എടുത്ത ഏതെങ്കിലും തീരുമാനം സ്റ്റേ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും തീരുമാനങ്ങൾക്കെതിരെയുള്ള ഏതെല്ലാം സ്റ്റേ ഉത്തരവുകളാണിപ്പോഴും നിലനിൽക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) അവയിൽ സ്വകാര്യ വ്യക്തിയുടെ അപേക്ഷകളിൻമേലുള്ള സ്റ്റേ ഉത്തരവുകൾ ഏതൊക്കെയാണ്;

(ഡി) പരിസരമലിനീകരണവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾ എടുത്ത ഏതെല്ലാം തീരുമാനങ്ങളിൻമേലുള്ള സ്റ്റേ ഇപ്പോഴും നിലനിൽക്കുന്നുണ്ട്?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

മുനിസിപ്പാലിറ്റിയിലെ എൻ.ആർ.എച്ച്.എം. ജീവനക്കാരുടെ വേതനം

1348 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിലെ ദിവസവേതനക്കാരായ എൻ.ആർ.എച്ച്.എം. ജീവനക്കാർക്ക് വേതന കുടിശ്ശിക നൽകുന്നതിനും, വേതന വർദ്ധന നടപ്പാക്കുന്നതിനും തീരുമാനിച്ച സാഹചര്യത്തിൽ ഇതേ വിഭാഗത്തിൽപ്പെട്ട മുനിസിപ്പാലിറ്റികളിലെ ജീവനക്കാർക്ക് ആയത് ഇനിയും ലഭ്യമാകാത്ത വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാർക്ക് കൂടി വേതന കുടിശ്ശിക നൽകുന്നതിനും വേതനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി മുനിസിപ്പൽ ഹോമിയോ ഡിസ്പെൻസറിയിൽ എൻ.ആർ.എച്ച്.എം. അറ്റൻഡർ തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീമതി. ഷിൽഗ സാബുവിന് 2 വർഷമായി ശമ്പളം ലഭിക്കാത്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവർക്ക് ശമ്പളം ലഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>കൽപ്പറ്റ നഗരസഭയിലെ യു.ഐ.ഡി.എസ്.എസ്.എം.ടി</u>

1349 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നഗരസഭയിലെ യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

മുനിസിപ്പാലിറ്റികളുടെ വികസനം-സപ്തധാരാ പദ്ധതി

1350 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ 32-മുനിസിപ്പാലിറ്റികളുടെയും വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന സപ്തധാര പദ്ധതി നടപ്പാക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ ഇപ്രകാരം തയ്യാറാക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>വൈദ്യുത ശ്മശാന നിർമ്മാണം</u>

1351 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിൽ വൈദ്യുതി ശ്മശാനം സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) വൈദ്യുത ശ്മശാനം നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം ലഭ്യമാക്കുന്നുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വൈദ്യുത ശ്മശാന നിർമ്മാണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

ആധുനിക അറവുശാലകൾക്കായി വകയിരുത്തിയ തുക

1352 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിൽ ആധുനിക അറവുശാലകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 2011-12 സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി എത്ര തുക വകയിരുത്തിയിരുന്നു ;

(ബി) ഈ വിഹിതത്തിൽ നിന്നും സംസ്ഥാനത്തെ ഏതെല്ലാം കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും തുക അനുവദിക്കുകയുണ്ടായെന്നറിയിക്കാമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ അനധികൃത കെട്ടിടനിർമ്മാണം</u>

1353 ശ്രീ. എം.എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് എന്തെല്ലാം ഇളവുകളാണ് നൽകുന്നത്;

(ബി) അനധികൃതമായി 2000-ത്തിന് മുൻപ് കെട്ടിടനിർമ്മാണം നടത്തിയി ട്ടുള്ളവർക്ക് പ്രസ്തുത ഇളവുകൾ ബാധകമാണോ;

(സി) അല്ലെങ്കിൽ ബന്ധപ്പെട്ട ചട്ടങ്ങളിലെ ചട്ടം 100 അനുസരിച്ച് 2000-ത്തിന് മുൻപുള്ള ഇത്തരം നിർമ്മാണപ്രവൃത്തികൾ കൂടി ക്രമപ്പെടുത്തി അവയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ പട്ടണത്തിന്റെ നവീകരണം</u>

1354 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പട്ടണത്തിന്റെ നവീകരണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ആയതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ആവശ്യം ഉന്നയിച്ച് എം.എൽ.എ. സമർപ്പിച്ചിട്ടുളള കത്തുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പിലെ തസ്തികകൾ</u>

1355 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നിലവിൽ വന്നതെന്നാണ്;

(ബി) ഇതിനായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) നിലവിൽ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ</u>

1356 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനുസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) അത് സംബന്ധിച്ച പൗരാവകാശരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ ആയത് സമയബന്ധിതമായി തയ്യാറാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മുസ്ലീം വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്</u>

1357 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിൽപെടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ പുരോഗതിക്കായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ നൽകിവരുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാം കോഴ്സുകൾക്കാണെന്നും എത്ര തുക വീതമാണ് നൽകുന്നതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത സ്കോളർഷിപ്പുകൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മറ്റ് വകുപ്പുകൾ വഴി ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനൂകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത വിഭാഗത്തിന് വിവിധ വകുപ്പുകൾ മുഖേന നൽകി വരുന്ന ആനുകൂല്യങ്ങൾ ഒരൊറ്റ വകുപ്പിന് കീഴിൽ കൊണ്ടുവരുന്നതിനും ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ സുതാര്യമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

<u>സപ്തധാരാ പദ്ധതി</u>

1358

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി ന്യൂനപക്ഷ മതവിഭാഗത്തിലെ വനിതകളുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുവാനും കുടുംബശ്രീ മാതൃകയിൽ അവർക്കാവശ്യമായ തൊഴിൽ പരിശീലനവും, സാമ്പത്തിക സഹായവും ലഭ്യമാക്കുവാനും സപ്തധാരാ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) അതിനായി ബജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഇതുവരെ എത്ര തുക ചെലവഴിച്ചു;

(സി) ഇതുവരെ എത്ര സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചു; എന്തെല്ലാം മാനദണ്ഡങ്ങൾക്കനുസൃതമായാണ് അവ രൂപീകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?